147/est/18

# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ സജികുമാർ)

വിഷയം:- തസ്വഭവ (ഇ.ഡബ്ല്യു.) - ജീവനക്കാര്യം - തസ്വഭവ സബ് ഡിവിഷൻ, മാനന്തവാടി ബ്ലോക്ക്പഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീ. സുനിൽ. ഡി പ്രസാദ്‌വകുപ്പുതല യോഗ്യതാ സാക്ഷ്യപത്രങ്ങളുടെ വ്യാജരേഖ ചമച്ചതുമായി ബന്ധപ്പെട്ട് - പൂർവ്വ തസ്തികയിൽ പുന:സ്ഥാപിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1) 18.12.2017-ലെ വയനാട് ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ എ4/2754/2017 നമ്പർ കത്ത്
2) ഈ ഓഫീസിലെ 27.12.2017-ലെ എ1-1001/2013/സിഇ/തസ്വഭവ (Vol II) നമ്പർ കത്ത്
3) 06.01.2018-ലെ വയനാട് ജില്ല മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയറുടെ AEE/LSGD/MDY/CL/2016-17 നമ്പർ കത്ത്
4) 06.01.2018-ൽ ശ്രീ. സുനിൽ ഡി പ്രസാദ് സമർപ്പിച്ച അപേക്ഷ
5) ഈ ഓഫീസിലെ 30.01.2018-ലെ എ1-1001/2013/സിഇ/തസ്വഭവ (Vol II) നമ്പർ യു.ഒ. നോട്ട്
6) ഈ ഓഫീസിലെ 17.04.2018-ലെ ഇ-20/1287/2018/സിഇ/തസ്വഭവ നമ്പർ യു.ഒ. നോട്ട്
7) ഈ ഓഫീസിലെ 25.11.2013-ലെ എ1/1001/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

## ഉത്തരവ് നം. എ1-1001/2013/സി.ഇ/തസ്വഭവ (Vol III) തീയതി 27.04.2018

തസ്വഭവ സബ് ഡിവിഷൻ, മാനന്തവാടി ബ്ലോക്ക്പഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീ. സുനിൽ ഡി പ്രസാദ് വകുപ്പുതല യോഗ്യതാപരീക്ഷ വിജയിച്ചു എന്ന് തെളിയിച്ചു കൊണ്ട് ഹാജരാക്കിയ സാക്ഷ്യപത്രങ്ങൾ വ്യാജമാണെന്ന് കാണിച്ച് ശ്രീ. ചാക്കോ. പി.സി എന്ന വ്യക്തി ആക്ഷേപം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സുനിൽ ഡി പ്രസാദിന് വകുപ്പുതല യോഗ്യതാപരീക്ഷ വിജയിച്ചതിന്റെ അസൽ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്കായി ഈ ഓഫീസിൽ ഹാജരാക്കാൻ സൂചന (2) കത്ത് പ്രകാരം മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന നിർദ്ദേശിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (4) പ്രകാരം ശ്രീ. സുനിൽ ഡി പ്രസാദ് നൽകിയ മറുപടിയിൽ വകുപ്പുതല യോഗ്യതാപരീക്ഷ വിജയിച്ചു എന്ന് തെളിയിച്ചു കൊണ്ട് ഹാജരാക്കിയ സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ വ്യാജമായി തയ്യാറാക്കിയതാണെന്നും, ടിയാൻ എം.ഒ.പി മാത്രമേ വിജയിച്ചിട്ടുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. ശ്രീ. സുനിൽ ഡി പ്രസാദിന്റെ വെളിപ്പെടുത്തലിനെത്തുടർന്ന് ടിയാനെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് ഈ ഓഫീസിലെ അന്വേഷണ സംഘം തദ്ദേശ സ്വയംഭരണ വകുപ്പ് സബ്ഡിവിഷൻ മാനന്തവാടി ബ്ലോക്ക്പഞ്ചായത്തിൽ പരിശോധന നടത്തുകയും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ ടിയാൻ ഗുരുതരമായ കൃത്യവിലോപം നടത്തിയതായും ടിയാനെതിരെ അച്ചടക്കനടപടി ശുപാർശ ചെയ്യുകയുമുണ്ടായി.

ഈ സാഹചര്യത്തിൽ നിലവിൽ അച്ചടക്ക നടപടിയെത്തുടർന്ന് വേലവിലക്ക് നേരിടുന്ന സൂചന (7) സ്ഥാനക്കയറ്റ ഉത്തരവിലെ ക്രമ നം. 2 ശ്രീ. സുനിൽ ഡി പ്രസാദ്, സീനിയർ ക്ലർക്കിന് കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് ചട്ടം ഭാഗം II 31(എ) പ്രകാരം നൽകിയ താൽക്കാലിക സ്ഥാനക്കയറ്റം, ടിയാന് സീനിയർ ക്ലർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ തീയതി പ്രാബല്യത്തിൽ റദ്ദ് ചെയ്ത് ടിയാനെ പൂർവ്വ തസ്തികയിൽ തരംതാഴ്ത്തി ഇതിനാൽ ഉത്തരവാകുന്നു. ശ്രീ. സുനിൽ ഡി പ്രസാദിനെ തിരെയുള്ള അച്ചടക്ക നടപടികൾ തുടരുന്നതും ടിയാൻ സ്ഥാനക്കയറ്റം മൂലം അധികവേതനം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരികെ പിടിക്കാനുള്ള അനന്തര നടപടികൾ ബന്ധപ്പെട്ട നിയന്ത്രണാധികാരി സ്വീകരിക്കേണ്ടതും ആ വിവരം യഥാകാലം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ്

വ്യക്തിക്ക്

പകർപ്പ് :
1) അക്കൗണ്ടന്റ് ജനറൽ, കേരള ബ്രാഞ്ച് : തൃശ്ശൂർ
2) ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
3) എക്സി. എഞ്ചിനീയർ, ജില്ലാപഞ്ചായത്ത്, വയനാട്
4) അസി. എക്സി. എഞ്ചിനീയർ, ബ്ലോക്ക്പഞ്ചായത്ത്, മാനന്തവാടി
5) സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്, എൽ.എസ്.ജി.ഡി
6) എ1 സെക്ഷൻ
7) സ്റ്റോക്ക് ഫയൽ